ഉത്തരം

(എ) ഉണ്ട്, നാല് സർക്കാർ പ്രതിനിധികളും, നാല് തൊഴിലുടമാ പ്രതിനിധികളും, ആറ് തൊഴിലാളി പ്രതിനിധികളും/സ്വയം തൊഴിൽ ചെയ്യുന്നവർ എന്നീ ഡയറക്ടർമാരെ ഉൾപ്പെടുത്തി 16-12-1995-ലെ ജി. ഒ. (ആർ‌ടി) 2975/95/ തൊഴിൽ നമ്പർ വിജ്ഞാപനപ്രകാരം രൂപീകരിച്ച കേരള തയ്യൽ തൊഴിലാളിക്ഷേമനിധി ബോർഡ് 18-12-1995-ൽ നിലവിൽ വന്നു.

(ബി) ആറ് തൊഴിലാളി പ്രതിനിധികളും ഉണ്ട്.

(സി) കേരള കൈ തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമനിധിയിൽ

(ഡി) 1,63,882 തൊഴിലാളികളും.

(ഇ) പുതിയതായി ആരും രജിസ്റ്റർ ചെയ്തിട്ടില്ല.

(എഫ്) മാറുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

തയ്യൽ തൊഴിലാളി ക്ഷേമ പദ്ധതി മാറുന്നതിനുള്ള പദ്ധതി

49. [1830] ശ്രീ. ടി. ശിവദാസമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1991-ലെ കേരള കൈതൊഴിലാളി വിദഗ്ധതൊഴിലാളി ക്ഷേമപദ്ധതിയനുസരിച്ച് രജിസ്റ്റർ ചെയ്തിരുന്ന തയ്യൽ തൊഴിലാളികളെ ക്ഷേമ പദ്ധതിയിലേക്ക് മാറുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കുമോ; ഈ നടപടി പൂർത്തിയായിട്ടുണ്ടോ;

(ബി) ഇതിനായി രജിസ്ട്രേഷനുള്ള തൊഴിലാളികൾ ചെയ്യേണ്ട കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) തയ്യൽ തൊഴിലാളി ക്ഷേമപദ്ധതിപ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് തൊഴിലാളികൾക്ക് നൽകിവരുന്നത്; വിശദാംശം വ്യക്തമാക്കാമോ;

(ഡി) ഇതിനാവശ്യമായ ചട്ടങ്ങൾക്ക് രൂപം നല്കിയോ; ഇതിനകം ഇക്കാര്യത്തിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളുടെ ഓരോ കോപ്പി മേശപ്പുറത്തു വയ്ക്കുമോ;

(ഇ) ആക്ട് പ്രകാരം പുറപ്പെടുവിക്കേണ്ട ചട്ടങ്ങൾ എന്നത്തേക്ക് പൂർണ്ണമായും പുറപ്പെടുവിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഈ ചട്ടങ്ങൾ സമയ ബന്ധിതമായി പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ 23-ാം ഖണ്ഡികയനുസരിച്ചുള്ളതാണ് നടപടിക്രമങ്ങൾ. പ്രസക്തഭാഗം അനുബന്ധമായി ചേർത്തിട്ടുണ്ട്. † ഈ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല.

(ബി) വിശദവിവരങ്ങൾ പരിശോധിച്ചുവരുകയാണ്

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരള തയ്യൽ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗമായി 3 വർഷം പൂർത്തിയാക്കുന്ന അംഗത്തിന് താഴെ പ്രസ്താവിക്കുന്ന ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കും :—

1. അപകടമോ മരണമോ സംഭവിക്കുകയാണെങ്കിൽ പരമാവധി 10,000 രൂപവരെ അംഗത്തിനോ/കുടുംബത്തിനോ സൗജന്യ ധനസഹായം.

2. അറുപത് വയസ് പൂർത്തിയാകുന്ന മുറയ്ക്ക് പെൻഷൻ നൽകൽ.

3. വീടു വാങ്ങുന്നതിനോ പണിയുന്നതിനോ ഉള്ള അഡ്വാൻസ്.

4. രോഗചികിൽസയ്ക്കുള്ള അഡ്വാൻസ്.

5. പ്രസവാനുകൂല്യം.

6. പെൺമക്കളുടെ വിവാഹത്തിനുള്ള അഡ്വാൻസ്.

7. അംഗങ്ങളുടെ കുട്ടികൾക്ക് സ്കോളർഷിപ്പ്.

8. അംഗങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള അഡ്വാൻസ്.

(ഡി, ഇ & എഫ്) ഇതിനാവശ്യമായ ചട്ടങ്ങൾ രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതേയുള്ളു.

കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ വികലാംഗരെ സ്ഥിരപ്പെടുത്താൻ നടപടി

50. [1831] ശ്രീ. കല്ലടി മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികലാംഗ വർഷം പ്രമാണിച്ച് 1993 ജനുവരി 1 മുതൽ 1993 ജൂലൈ 31 വരെ താൽക്കാലിക സർവ്വീസിലുള്ള വികലാംഗരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് ഉത്തരവ് കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത ക്ഷേമനിധി ബോർഡിൽ എൽ. ഡി. ക്ലാർക്കായി ജോലിചെയ്ത വികലാംഗനായ മുഹമ്മദ് അബ്ദുൽ സലാമിനെ സ്ഥിരപ്പെടുത്തണമെന്ന അപേക്ഷ പരിഗണിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിൽ ജീവനക്കാരെ നിയമിക്കുന്നതു സംബന്ധിച്ച് ചട്ടങ്ങൾ ഉണ്ടാക്കിയിട്ടില്ലാത്തതിനാൽ ചട്ടങ്ങൾ നിലവിൽ വന്നശേഷം ഈ കാര്യം പരിഗണിക്കാം എന്നാണ് ക്ഷേമനിധി ബോർഡിന്റെ തീരുമാനം. ഇക്കാര്യം സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

(സി) ബോർഡിൽ വികലാംഗരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് തീരുമാനമുണ്ടാകുന്ന മുറയ്ക്ക് മുഹമ്മദ് അബ്ദുൽ സലാമിന്റെ അപേക്ഷയും പരിഗണിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly